# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1079** **28/4/2017 -**ലെ മറുപടി

## മഴവെള്ള സംഭരണികൾ

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ. ടി.വി.ഇബ്രാഹിം | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും എയ്ഡഡ് സ്കൂളുകളിലും ഈ വർഷം നിർബന്ധമായും മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ;<br>(ബി) എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏതുവരെയായെന്ന് വെളിപ്പെടുത്തുമോ; | (എ) & (ബി) | ഉണ്ട്.<br>കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ (ജലനിധി) ഭാഗമായ 'മഴകേന്ദ്രം' വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ജലസൗഹൃദ വിദ്യാലയം പദ്ധതിയിലൂടെ വിദ്യാലയങ്ങളിൽ മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി, പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ സംസ്ഥാനത്ത് 14 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 840 സർക്കാർ വിദ്യാലയങ്ങളിൽ 10000 ലിറ്റർ മഴവെള്ളം സംഭരിക്കുവാൻ ശേഷിയുള്ള സംഭരണികൾ സൗജന്യമായി നിർമ്മിച്ചു നൽകിവരുന്നു. സംഭരണിയുടെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് അതാത് സ്കൂൾ അധികൃതർക്ക് കൈമാറ്റം ചെയ്ത് തുടർപരിപാലനത്തിനുള്ള നിർദ്ദേശങ്ങളും നല്കിവരുന്നു. ഇതിനോടകം 350 ഓളം വിദ്യാലയങ്ങളിലെ സംഭരണികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണഘട്ടത്തിൽ എത്തിയിരിക്കുന്നു. ഈ പദ്ധതി ഘട്ടംഘട്ടമായി മറ്റ് സർക്കാർ/ എയ്ഡഡ് സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുന്നത് പരിഗണനയിലുണ്ട്. |
| (സി) മഴക്കാലം തുടങ്ങുമ്പോൾത്തന്നെ ലഭിക്കുന്ന ജലം സംഭരണികളിലാക്കി സംരക്ഷിക്കാനും മുന്തിയ പരിഗണന നൽകുമോ? | (സി) | 14 ജില്ലകളിലായി ആദ്യഘട്ടം തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന 840 സർക്കാർ വിദ്യാലയങ്ങളിലെ സംഭരണികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2017 മെയ് അവസാനത്തോടുകൂടി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. മഴക്കാലം ആരംഭിക്കുമ്പോൾത്തന്നെ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിന് |

വേണ്ടി മുന്തിയ പരിഗണന നല്കി പ്രവർത്ത-
നങ്ങൾ നടന്നു വരുന്നു.

കിണറുകൾ സ്രോതസ്സായുള്ള കുടിവെള്ള
പദ്ധതികളിൽ ജല ലഭ്യത ഉറപ്പാക്കാനായി
മഴക്കുഴികൾ സ്ഥാപിക്കാനുള്ള നടപടികൾ
കേരള ജല അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

JSK/